പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 6254 — 10.07.2012 ൽ മറുപടിയ്ക്ക്

**വൃദ്ധസംരക്ഷണം - നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.എ. അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | **ഡോ. എം.കെ. മുനീർ**<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| വൃദ്ധജനങ്ങളെ കുടുംബത്തിൽ നിന്നും ഒറ്റപ്പെടുത്തുന്നതിനും വൃദ്ധജനങ്ങൾക്കെതിരെ മക്കൾ നടത്തുന്ന അതിക്രമങ്ങൾക്കും എതിരെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി 'മുതിർന്ന പൗരന്മാരുടെയും മാതാപിതാക്കളുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച കേരള സർക്കാർ ചട്ടങ്ങൾ 2009' നിലവിലുണ്ട്.<br>വൃദ്ധ ജനങ്ങളെ കുടുംബത്തിൽ നിന്നും ഒറ്റപ്പെടുത്തുന്നതിനും വൃദ്ധജനങ്ങൾക്കെതിരെ മക്കൾ നടത്തുന്ന അതിക്രമങ്ങൾക്കും എതിരെയുള്ള പരാതികളിന്മേൽ നടപടികൾ സ്വീകരിക്കുവാൻ ഓരോ സബ് ഡിവിഷനിലും റവന്യൂ ഡിവിഷണൽ ഓഫീസർമാർ പ്രിസൈഡിംഗ് ഓഫീസർമാരായി മെയിന്റനൻസ് ട്രൈബ്യൂണൽ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും അപ്പലേറ്റ് ട്രൈബ്യൂണൽ സ്ഥാപിക്കുകയും ഓരോ ട്രൈബ്യൂണലിന്റെയും പ്രിസൈഡിംഗ് ഓഫീസർമാരായി ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.<br>മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി നിലവിലുള്ള വയോജനനയം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

R. Vijayan

സെക്ഷൻ ഓഫീസർ